**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3831** **09-10-2025 - ൽ മറുപടിയ്ക്ക്**

**ലൈബ്രറി കൗൺസിൽ പുസ്തകമേളകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പുസ്തകമേളകൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പുസ്തകമേളകൾ കാര്യക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കേരളത്തിലെ എല്ലാ പ്രമുഖ പ്രസാധകരേയും പങ്കെടുപ്പിച്ചു കൊണ്ടാണ് ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതികൾ പുസ്തകമേള സംഘടിപ്പിക്കുന്നത്.<br>2. പുസ്തകമേളകളുടെ തീയതികൾ ഒരു ജില്ല കഴിഞ്ഞാൽ തൊട്ടടുത്ത ജില്ല എന്ന ക്രമത്തിൽ നിശ്ചയിക്കും.<br>3. എല്ലാ ഗ്രന്ഥശാലകൾക്കും സ്വതന്ത്രമായി പുസ്തകം തിരഞ്ഞെടുക്കാനുള്ള അവസരം ലഭ്യമാകുന്ന തരത്തിൽ ലൈബ്രറികൾക്ക് ദിവസങ്ങൾ നിശ്ചയിച്ചു നൽകുന്നു.<br>4. പുസ്തകമേളയുടെ ഭാഗമായി സാംസ്കാരിക പരിപാടികളും കലാപരിപാടികളും നടത്തി പൊതുജനപങ്കാളിത്തം ഉറപ്പു വരുത്താറുണ്ട്.<br>5. പൊതുജനങ്ങൾക്കും പുസ്തകങ്ങൾ വാങ്ങാനുള്ള അവസരം ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത മേളകളിൽ നിന്ന് മികച്ച നിലവാരമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് സാധിക്കുന്ന തരത്തിൽ നടപടികൾ കാലാനുസൃതമായി പരിഷ്കരിക്കാമോ; വിശദമാക്കാമോ; | (ബി) | മികച്ച നിലവാരമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രമുഖ പ്രസാധകരെ ഉൾപ്പെടുത്തിയാണ് നിലവിൽ പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി നടത്തുന്ന പുസ്തകോത്സവങ്ങളിൽ പങ്കെടുക്കുന്നത് ലൈബ്രറികൾക്കും ചെറുകിട പ്രസാധകർക്കും വലിയ സാമ്പത്തിക ബുദ്ധിമുട്ട് വരുത്തുന്നത് കണക്കിലെടുത്ത് ലൈബ്രറി കൗൺസിൽ വെബ്സൈറ്റ് മുഖേന ലൈബ്രറികൾക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് സംവിധാനം ഒരുക്കാമോ; വിശദമാക്കാമോ; | (സി) | പുസ്തകങ്ങളുടെ വില്പന എന്നതിലുപരി കേരളത്തിലെ എല്ലാ പ്രസാധകരുടേയും പുസ്തകങ്ങൾ നേരിട്ട് വിലയിരുത്തുന്നതിനും പരിചയപ്പെടുന്നതിനും അതിലൂടെ പുസ്തകം സെലക്റ്റ് ചെയ്യുന്നതിനും കഴിയുന്ന തരത്തിലാണ് പുസ്തകമേളകൾ സംഘടിപ്പിക്കുന്നത്.. പുസ്തകോത്സവത്തോടനുബന്ധിച്ച് സാംസ്കാരിക പരിപാടികൾ നടത്താൻ കഴിയുന്നതും ഈ മേളകളെ |

| | | | |
|---|---|---|---|
| | | | വേറിട്ട് നിർത്തുന്നു. വെബ് സൈറ്റ് മുഖേനയുള്ള തിരഞ്ഞെടുക്കലിനേക്കാൾ പ്രധാനം ഇതിനെ സാംസ്കാരികോത്സവമായി മാറ്റുന്നതിലാണ്. |
| (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പ് വായനാവസന്തമെന്ന പേരിൽ നടത്തിയ പുസ്തകവിതരണത്തിന്റെ മാതൃകയിൽ ലൈബ്രറി കൗൺസിൽ മേളകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ; അനുവദിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് ഒരേ പ്രസാധകനിൽ നിന്ന് പുസ്തകം വാങ്ങരുതെന്ന വ്യവസ്ഥ വായനാവസന്തം പരിപാടിയിൽ നടപ്പിലാക്കിയതുപോലെ ലൈബ്രറി കൗൺസിൽ മേളകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ഡി) | ജനാധിപത്യ സ്വഭാവത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറി ഭരണ സമിതിയുടെ പൂർണ ഉത്തരവാദിത്വമാണ് ഗ്രന്ഥശാലയുടെ പുസ്തകം വാങ്ങൽ. എല്ലാ പ്രസാധകർക്കും തുല്യ പ്രാതിനിധ്യം നൽകിയാണ് ലൈബ്രറി കൗൺസിൽ പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കുന്നത് |
| (ഇ) | ലൈബ്രറി കൗൺസിൽ പുസ്തകോത്സവം തമിഴ്നാട്ടിൽ നടപ്പാക്കിവരുന്നപോലെ ഇവിടെയും ഓൺലൈനായി പുസ്തകങ്ങൾ മാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ഇ) | കൗൺസിലിന്റെ പുസ്തകോത്സവങ്ങൾ സാംസ്കാരിക പരിപാടികളുടെ വേദികൾ കൂടെയാണ്. ആയതിനാൽ ഓൺലൈനായി പുസ്തകം പർച്ചയ്സ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഒരുക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ